## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 6230 — 31/10/2011 ൽ മറുപടിയ്ക്ക്

### സർക്കാർ സ്കൂളുകളുടെ ശോചനീയാവസ്ഥ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ : | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) എറണാകുളം ജില്ലയിലെ പഞ്ചായത്തുകളുടെ പരിധിയിൽ വരുന്ന സർക്കാർ മേഖലയിലെ സ്കൂളുകളുടെ ശോചനീയാവസ്ഥ കണക്കിലെടുത്ത് പ്രസ്തുത സ്കൂളുകളുടെ നവീകരണ പ്രവർത്തനങ്ങൾക്കായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ളതും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതുമായ നടപടികൾ എന്തെന്ന് വിശദമാക്കാമോ ; | (എ) എറണാകുളം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുടെ പരിധിയിലുള്ള സ്കൂളുകളുടെ നവീകരണ പ്രവർത്തനങ്ങൾക്കായുള്ള പ്രോജക്ടിന് അംഗീകാരം ലഭിച്ചിട്ടുള്ളതും പ്രോജക്ട് നടപ്പാക്കുന്നതിന് തുടർനടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. കൂടാതെ ജില്ലാപഞ്ചായത്തിന് വിട്ടുകിട്ടിയ സ്കൂളുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായി അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ക്ലാസ് മുറികൾ, ലാബ്, കെട്ടിടം അറ്റകുറ്റപണികൾ, അടുക്കള,ചുറ്റുമതിൽ, ടോയ്‌ലറ്റ്, കുടിവെള്ളം, കളിസ്ഥലം, ഫർണീച്ചർ, ലാബുപകരണങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്ന നവീകരണ പ്രവർത്തികളാണ് സ്വീകരിച്ചിട്ടുള്ളത്.എസ്.എസ്.എ , ടോട്ടൽ സാനിട്ടേഷൻ ഹയർസെക്കൻഡറി ഡയറക്ടറേറ്റ്, നബാർഡ് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും ഫണ്ട് ലഭ്യമാക്കിയാണ് ടി പ്രവർത്തി നടത്തുന്നത്. |
| (ബി) ഇതിനായി വകയിരുത്തിയിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കാമോ ; | (ബി) ത്രിതല പഞ്ചായത്തുകൾ വകയിരുത്തിയിട്ടുള്ള തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.<br>ഗ്രാമപഞ്ചായത്ത് – 4,44,92,008/– രൂപ<br>നഗരസഭകൾ – 51,25,000/– രൂപ<br>ജില്ലാപഞ്ചായത്ത് – 1,08,19,500/– രൂപ |

(ഡി) അങ്കമാലി നിയോജകമണ്ഡലത്തിലെ സർക്കാർ മേഖലയിലെ സ്കൂളുകളുടെ ശോചനീയാവസ്ഥയും അസൗകര്യങ്ങളും കണക്കിലെടുത്ത് ഇത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) അങ്കമാലി നിയോജക മണ്ഡലത്തിലെ അയ്യമ്പുഴ, കാലടി, കുറുകുറ്റി, മലയാറ്റൂർ നിലീശ്വരം, മഞ്ഞപ്ര, മൂക്കന്നൂർ, പാറക്കടവ് എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് കീഴിൽ വരുന്ന സ്കൂളുകളിൽ മെയിന്റനൻസ് ഗ്രാന്റിൽ പ്പെടുത്തി പ്രോജക്ടുകൾ ചെയ്തിട്ടുണ്ട്. അങ്കമാലി നഗരസഭയുടെ പരിധിയിൽ വരുന്ന സ്കൂളുകളുടെ അടിസ്ഥാന വികസനത്തിനും പരിപാലനത്തിനുമായി പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. കൂടാതെ ഈ വർഷത്തെ വാർഷിക പദ്ധതിയിൽ 44,75,000/- രൂപ ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കി വരുന്നു. അങ്കമാലി നിയോജകമണ്ഡലത്തിലെ ജില്ലാപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന മൂക്കന്നൂർ ജി.എച്ച്.എസ്-ൽ കെട്ടിടം നിർമ്മിക്കുന്നതിനായി നബാർഡിന്റെ വിഹിതം കൂടി ഉൾപ്പെടുത്തി 36,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ മഞ്ഞപ്ര ജി.എച്ച്.എസ്-ൽ പാചകപ്പുര നിർമ്മാണത്തിനായി 3,30,000/- രൂപയും കൈമാറിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ